# പതിനാലാം കേരള നിയമസഭ

## ഒന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 1788 15-7-2016-ൽ മറുപടിയ്ക്ക്

### പട്ടികജാതി വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പും, ഗ്രാന്റും നൽകാൻ പദ്ധതി

| | ചോദ്യം | | മറുപടി |
|---|---|---|---|
| | **ശ്രീ. വി.പി. സജീന്ദ്രൻ**<br>**,, എ.പി. അനിൽ കുമാർ**<br>**,, ഐ.സി. ബാലകൃഷ്ണൻ**<br>**,, കെ. മുരളീധരൻ :** | | **ശ്രീ. എ.കെ. ബാലൻ**<br>(പട്ടികജാതി-പട്ടികവർഗ്ഗ പിന്നാക്കസമുദായ ക്ഷേമവും, നിയമവും സാംസ്കാരികവും പാർലമെന്ററി കാര്യവും വകുപ്പ് മന്ത്രി) |
| എ) | സംസ്ഥാനത്ത് പട്ടികജാതി വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പും, ഗ്രാന്റും നൽകാൻ എന്തെല്ലാം കർമ്മ പദ്ധതികളാണ് തയ്യാറാക്കി നടപ്പാക്കിയത് ; വിശദമാക്കുമോ ; | എ) | സംസ്ഥാനത്ത് പട്ടികജാതി വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്കു വേണ്ടി നടപ്പിലാക്കി വരുന്ന കർമ്മ പദ്ധതികൾ ചുവടെ ചേർക്കുന്നു.<br>1. പ്രീ.മെട്രിക് സ്കോളർഷിപ്പ്<br>2. പോസ്റ്റ് മെട്രിക് സ്കോളർഷിപ്പ്<br>3. പ്രൈമറി എഡ്യൂക്കേഷൻ എയ്ഡ്<br>4. അപ്ഗ്രഡേഷൻ ഓഫ് മെറിറ്റ് (100% CSS)<br>5. 9,10 ക്ലാസുകളിലെ പ്രീമെട്രിക് സ്കോളർഷിപ്പ് (100% CSS)<br>6. ഗവൺമെന്റ് ഓഫ് ഇന്ത്യാ സ്കോളർഷിപ്പ്<br>7. സ്റ്റെതസ്കോപ്പ് വാങ്ങൽ<br>8. ലാപ്ടോപ്പ് വാങ്ങൽ<br>9. പ്രാരംഭ ചെലവ്<br>10. വൃത്തിഹീന തൊഴിലിൽ ഏർപ്പെട്ടിരിക്കുന്നവരുടെ മക്കൾക്കായുള്ള ധനസഹായം<br>11. അയ്യങ്കാളി ടാലന്റ് സെർച്ച് & ഡെവലപ്മെന്റ് സ്കീം<br>12. വിഷൻ 2013- മെഡിക്കൽ/ എഞ്ചിനീയറിംഗ് പ്രവേശന പരീക്ഷാ പരിശീലനത്തിന് ധനസഹായം നൽകുന്ന പദ്ധതി.<br>13. പ്രത്യേക പ്രോത്സാഹന സമ്മാനം<br>14. ബുക്ക് ബാങ്ക് സ്കീം (50% CSS) |

| | | | |
|---|---|---|---|
| ബി) | എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇതു വഴി കൈവരിക്കാൻ ഉദ്ദേശിച്ചത്; വിശദീകരിക്കുമോ ; | ബി) | പട്ടികജാതി വിഭാഗം വിദ്യാർത്ഥികളെ സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് കൈപിടിച്ചുയർത്തുക, വിദ്യാഭ്യാസ മുന്നേറ്റത്തിലൂടെ അവർക്ക് അവസര സമത്വം ലഭ്യമാക്കുക, തദ്വാര അവരുടെ ജീവിത നിലവാരം ഉയർത്തുക എന്നീ ലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിയ്ക്കാനുദ്ദേശിച്ചത്. |
| സി) | പദ്ധതി നിർവ്വഹണത്തിന് എന്തെല്ലാം നടപടികളാണ് ഭരണ തലത്തിൽ കൈക്കൊണ്ടതെന്ന് വിശദമാക്കുമോ ? | സി) | പ്രീ.മെട്രിക് തലത്തിൽ ബന്ധപ്പെട്ട സ്ഥാപനത്തിന്റെ സ്റ്റേറ്റ്മെന്റ് പ്രകാരം അതത് ബ്ലോക്ക് പട്ടികജാതി വികസന ഓഫീസർമാർ തുക സ്ഥാപന മേധാവിക്ക് കൈമാറുകയും സ്ഥാപന മേധാവി തുക മാറി വിദ്യാർത്ഥികൾക്ക് വിതരണം ചെയ്യുകയും ചെയ്യുന്നു.<br><br>പോസ്റ്റ് മെട്രിക് തലത്തിലുള്ള വിദ്യാഭ്യാസാനുകൂല്യ വിതരണം ഇ- ഗ്രാന്റ്സ് എന്ന ഓൺലൈൻ സംവിധാനത്തിലൂടെയാണ് നടപ്പാക്കി വരുന്നത്. വിദ്യാർത്ഥികൾ അക്ഷയ കേന്ദ്രം വഴി സമർപ്പിക്കുന്ന അപേക്ഷകൾ അതത് സ്ഥാപന മേധാവികൾ മുഖേന ബന്ധപ്പെട്ട ജില്ലാ പട്ടികജാതി വികസന ഓഫീസിലേക്ക് അയയ്ക്കുകയും അസിസ്റ്റന്റ് ജില്ലാ പട്ടികജാതി വികസന ഓഫീസർമാർ അർഹത പരിശോധിച്ച് അനുമതി ഉത്തരവ് പുറപ്പെടുവിക്കുകയും അതിന്റെ അടിസ്ഥാനത്തിൽ ഫണ്ട് ക്ലെയിം സ്റ്റേറ്റ്മെന്റ് പരിശോധിച്ച് വിദ്യാർത്ഥികളുടെ ബാങ്ക് അക്കൗണ്ടിലേക്ക് ഡയറക്ടറേറ്റ് മുഖേന ആനുകൂല്യം ക്രെഡിറ്റ് ചെയ്യുന്നു.<br><br>അധ്യയന വർഷാരംഭത്തിൽ രക്ഷിതാക്കൾക്ക് ഒരു ധന സഹായം നൽകുന്ന തിലേക്കായി 2014-15 അധ്യയന വർഷം മുതൽ 1 മുതൽ 4 വരെയുള്ള ക്ലാസുകളിലെ വിദ്യാർത്ഥികൾക്കായി പ്രൈമറി എഡ്യൂക്കേഷൻ എയ്ഡ് പദ്ധതി നടപ്പാക്കിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| | | | കേന്ദ്രാവിഷ്കൃത പദ്ധതികളായ അപ്ഗ്രഡേഷൻ ഓഫ് മെറിറ്റ് പദ്ധതി (9 മുതൽ 12 വരെയുള്ള ക്ലാസുകളിലെ വിദ്യാർത്ഥികൾക്ക്) 9,10 ക്ലാസുകളിലെ വിദ്യാർത്ഥികൾക്കുള്ള പ്രീ മെട്രിക് സ്കോളർഷിപ്പ് പദ്ധതി എന്നിവയും ഡി. ബി.റ്റി.എസ്. മുഖേന നടപ്പാക്കി വരുന്നു.<br><br>അംഗീകൃത സ്വാശ്രയ സ്ഥാപനങ്ങളിൽ പഠിക്കുന്ന, ഇ-ഗ്രാന്റ്സ് മുഖേന വിദ്യാഭ്യാസാനുകൂല്യം ലഭിക്കാത്ത 2.50/- ലക്ഷം രൂപ വരെ കുടുംബ വാർഷിക വരുമാനമുള്ള പട്ടികജാതി വിദ്യാർത്ഥികൾക്ക് ഗവൺമെന്റ് ഓഫ് ഇന്ത്യാ സ്കോളർഷിപ്പും ജില്ലാ ഓഫീസർ മുഖേന നൽകി വരുന്നു.<br><br>ഒന്നാം വർഷ എം.ബി.ബി. എസ്. കോഴ്സിന് പഠിക്കുന്ന പട്ടികജാതി വിദ്യാർത്ഥികൾക്ക് 2014-15 മുതൽ സ്റ്റെതസ്കോപ്പ് വാങ്ങുന്നതിനുള്ള ധനസഹായം (5,500/-രൂപ) ജില്ലാ ആഫീസർമാർ സ്ഥാപന മേധാവി മുഖേന വിദ്യാർത്ഥി കൾക്ക് നൽകി വരുന്നു.<br><br>ബി.ടെക്, എം.ടെക്, എം.സി.എ. കോഴ്സുകൾക്ക് പഠിക്കുന്ന വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് വാങ്ങുന്നതിന് സ്ഥാപനമേധാവി മുഖേന റീ-ഇംമ്പേഴ്സ്മെന്റ് രീതിയിൽ 25,000/- രൂപ അനുവദിച്ചുവരുന്നു. |

| | | | |
|---|---|---|---|
| | | | എം.ബി.ബി.എസ്./ബി.ഡി.എസ്./ ബി.ടെക്. എന്നീ കോഴ്സുകൾക്കു പഠിക്കുന്ന ഒരു ലക്ഷം രൂപയിൽ താഴെ കുടുംബ വാർഷിക വരുമാനമുള്ള പട്ടിക ജാതി വിദ്യാർത്ഥികൾക്ക് പ്രാരംഭ ചെലവുകൾക്ക് സ്ഥാപന മേധാവി മുഖേന തുക അനുവദിച്ചു വരുന്നു.<br><br>വൃത്തിഹീന തൊഴിലിൽ ഏർപ്പെട്ടിരിക്കുന്നവരുടെ മക്കൾക്കുള്ള ധനസഹായം 2013-14 വർഷം മുതൽ ഡി.ബി.റ്റി.എസ്. മുഖേന നടപ്പാക്കി വരുന്നു.<br><br>അയ്യങ്കാളി ടാലന്റ് സെർച്ച് ആന്റ് ഡെവലപ്പ്മെന്റ് സ്കീം പ്രകാരം 4,7 ക്ലാസുകളിൽ ലഭിച്ച ഗ്രേഡിന്റെ അടിസ്ഥാനത്തിൽ മികച്ച വിദ്യാർത്ഥികൾക്ക് 10-ാം ക്ലാസ് വരെ പ്രതിവർഷം 4500/- രൂപ സ്കോളർഷിപ്പായി ബ്ലോക്ക് പട്ടികജാതി വികസന ഓഫീസർ മുഖേന അനുവദിച്ചു വരുന്നു. (വരുമാന പരിധി 1 ലക്ഷം രൂപ)<br><br>വിഷൻ 2013 പ്രകാരം എസ്.എസ്.എൽ.സി. പരീക്ഷയിൽ എല്ലാ വിഷയങ്ങൾക്കും ബി+ ന് മുകളിൽ ഗ്രേഡ് ലഭിച്ച പ്ലസ് 1 ന് പ്രവേശനം നേടിയ വിദ്യാർത്ഥികൾക്ക് മെഡിക്കൽ/എഞ്ചിനീയറിംഗ് എൻട്രൻസ് കോച്ചിംഗിന് ധനസഹായമായി 20,000/-രൂപ വീതം (രണ്ട് വർഷത്തേയ്ക്ക്) അനുവദിച്ചുവരുന്നു. (വരുമാന പരിധി - 4,50,000/- രൂപ)<br><br>എസ്.എസ്.എൽ.സി, പ്ലസ്2, ടി.ടി.സി., ഡിപ്ലോമ, ഡിഗ്രി, പി.ജി. പ്രൊഫഷണൽ കോഴ്സുകൾക്ക് ഉന്നത വിജയം കരസ്ഥമാക്കുന്ന പട്ടികജാതി വിദ്യാർത്ഥികൾക്ക് പ്രത്യേക പ്രോത്സാഹന സമ്മാനമായി ക്യാഷ് അവാർഡ് ബ്ലോക്ക് പട്ടികജാതി വികസന |

| | | | |
|---|---|---|---|
| | | | ഓഫീസർ/ജില്ലാ പട്ടികജാതി വികസന ഓഫീസർ മുഖേന അനുവദിച്ചു വരുന്നു.<br><br>ബുക്ക് ബാങ്ക് സ്കീം (50% CSS) പ്രകാരം പ്രൊഫഷണൽ കോഴ്സുകളിൽ പഠിക്കുന്ന പട്ടിക ജാതി വിദ്യാർത്ഥികൾക്ക് വില യേറിയ റഫറൻസ് ഗ്രന്ഥങ്ങൾ/ അലമാര വാങ്ങുന്നതിന് ബന്ധപ്പെട്ട വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് ധനസഹായം നൽകി വരുന്നു. നിലവിലുള്ള വിദ്യാഭ്യാസാനുകൂല്യങ്ങൾ 25% കണ്ട് 2016 ജൂൺ മാസത്തിൽ വർദ്ധിപ്പിച്ചിട്ടുണ്ട്. ഇത് 50% ആക്കി വർദ്ധിപ്പിക്കാനുള്ള നിർദ്ദേശം പുതുക്കിയ ബഡ്ജറ്റിൽ പ്രഖ്യാപിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ